# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 13** **September** **1999** **No. 6**


## എഡിറ്റോറിയൽ

തെരഞ്ഞെടുപ്പിന്റെ കാലയളവാണല്ലോ ഇപ്പോൾ. ഒരു രാജ്യത്തിനു നല്ലൊരു ഭരണ സംവിധാനം ഉണ്ടാകണം. സുസ്ഥിരമായ ഭരണമാണ് ഏതൊരു പൗരനും ആഗ്രഹിക്കുന്നത്. എന്നാൽ ഇന്നത്തെ രാഷ്ട്രീയ ചലനങ്ങൾ എല്ലാം അസ്ഥിരതയിലേക്കാണ് നീങ്ങുന്നത്. മതത്തിന്റേയും, വർഗ്ഗീയതയുടേയും മറവിൽ വളർന്നു വന്നതും പല പേരിൽ അറിയപ്പെടുന്നതുമായ രാഷ്ട്രീയ പാർട്ടികൾ എല്ലാം ഒന്നുപോലെയാണെന്നു പറയാം. അടിതൊട്ടുമുടിവരെ അഴിമതിയിൽ മുങ്ങി നില്ക്കുന്നവരിൽ ആരെ തെരഞ്ഞെടുക്കും എന്നതാണ് ജനങ്ങളുടെ പ്രശ്നം. ജനങ്ങൾക്കു നേതാക്കന്മാരിൽ വിശ്വാസമില്ലാത്തതുകൊണ്ടു തെരഞ്ഞെടുപ്പിലും വലിയ ഉത്സാഹമില്ല. ആരു ജയിച്ചാലും ഇവിടെ ഒന്നും കാര്യമായി സംഭവിക്കാൻ പോകുന്നില്ല എന്ന മുൻവിധിയിലാണു പലരും. അന്ധമായി ഏതെങ്കിലും ഒരു പാർട്ടിയോടു കൂറു പുലർത്തി പോരുന്നവരും ഇല്ലാതില്ല. ജനങ്ങളുടെ പ്രതികരണശേഷി എവിടെ നില്ക്കുന്നു എന്നതു ചിന്തിക്കേണ്ടതാണ്. അധികാരത്തിൽ കയറി പററുന്നവരെ സംബന്ധിച്ച് എങ്ങനെയെങ്കിലും സ്ഥാന ലബ്ധി നേടണമെന്നതാണ്. ഇതിൽ മനുഷ്യത്വപരമായി ഗുണകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ സമൂഹത്തിൽ ഒന്നുമല്ലാതായി മറുന്നു.

മതപരമായും ഈ ശോച്യാവസ്ഥ നിലനില്ക്കുന്നുണ്ട്. ദൈവത്തിന്റെ പേരിലും മതത്തിന്റെ പേരിലും

നടക്കുന്ന അഴിമതികൾ സാധാരണക്കാർ സഹിക്കുകയാണ് സമുദായ വിഭാഗങ്ങൾ എല്ലാം തന്നെ ഇതിനു കീഴ്പ്പെട്ടിരിക്കയാണ്. ദ്രവ്യാഗ്രഹമാണ്, ലൗകികമായ ഭ്രമമാണ് അവരെ ഇതു ചെയ്യുവാൻ പ്രേരിപ്പിക്കുന്നതു. ഭക്തിയുടെ വേഷം ധരിച്ച് ഭോഗപ്രിയരാകുവാൻ ആഗ്രഹിക്കുന്നവരാണു ഭൂരിഭാഗം പേരും. അപ്പോൾ മതപരമായ കാര്യങ്ങൾ എല്ലാം വെറുമൊരു ചടങ്ങായി മാറും. വിശുദ്ധ വചനത്തിൽ ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമല്ലൊ എന്നു പറഞ്ഞിരിക്കുന്നു. ലോക സ്നേഹം ദൈവത്തോടു ശത്രുതയുണ്ടാക്കുന്നു എന്നു നാം വായിക്കുന്നു. ദൈവ ഭയമില്ലായ്മ അവിശ്വാസത്താൽ വരുന്നതാണ്. മററുള്ളവർ ചെയ്യുന്നതിനെ അനുകരിക്കാൻ ശ്രമിക്കുകയും ഭൗതികമായ ഉയർച്ചയാൽ ആളുകളെ അളക്കുകയും ചെയ്യുന്നതാണ് കുഴപ്പം. അവിഹിത മാർഗ്ഗത്തിലൂടെയുള്ള സമ്പാദ്യം കൊണ്ടു ആർക്കും മനസമാധാനം കിട്ടുകയില്ല എന്നതാണ് പരമാർത്ഥം. അകൃത്യത്തിൻെറ ഫലം അനുഭവിക്കുക തന്നെ വേണം. ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും. പാപം ചെയ്യുന്നവൻ ശിക്ഷ അനുഭവിക്കും. താൻ ചെയ്ത തെററിൻെറ ഫലമാണ് താനും മററു പലരും ദുഃഖിക്കുന്നതു എന്ന ചിന്ത ആ വ്യക്തിയിലുണ്ടാകണം.

രാഷ്ട്രീയത്തിലായാലും മതത്തിലായാലും മനുഷ്യരിൽ നിന്നു ഈ ദുർവൃത്തി തുടച്ചു മാററുവാൻ എന്താണ് പ്രതിവിധി? പഴക്കം ചെന്ന രോഗമാണിത്. പുതിയ തലമുറയെ ഇതു ബാധിക്കാതവണ്ണം ബാല്യത്തിലേ അവരെ നീതിയും അനീതിയും അതിൻെറ ഗുണവും ദോഷവും ബോധ്യപ്പെടുത്തണം. അവൻ ചലിക്കേണ്ട പാത കാണിച്ചുകൊടുക്കണം. നശിച്ചു പോകുന്ന ധനത്തിലോ പ്രതാപത്തിലോ അല്ല, പിന്നെയോ സത്യസന്ധതയിലും നീതിയിലും ഉറച്ചു നില്ക്കുന്നവരെ മാനിക്കുന്ന സ്ഥിതി സംജാതമാകണം.

★

# എന്തുകൊണ്ടു ധാരാളം ആളുകൾ ദുരുപദേശം സ്വീകരിക്കുന്നു ?

**J. C. ചോട്ട്**

ബൈബിൾ ശരിയായി വായിക്കുന്നവർക്കും ദൈവേഷ്ടം അറിയാവുന്നവർക്കും തോന്നാവുന്ന ചോദ്യമാണ് എന്തുകൊണ്ടു ഭൂരിഭാഗം പേർ ദുരുപദേശം സ്വീകരിക്കുന്നു എന്നതു. വളരെ എളുപ്പത്തിൽ ഇവർ വഞ്ചിതരാകുന്നതും പിന്മാറിപോകയും ചെയ്യുന്നതും എന്തുകൊണ്ട് ? സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം ഇവർക്കു കാണാൻ കഴിയുന്നില്ലേ ? ഇതു ഈ കാലത്തു മാത്രം കാണുന്ന ഒന്നല്ല. പിന്നെയോ പുരാതനകാലം മുതലേയുണ്ട്.

അനേകർ വഞ്ചിതരാകാൻ ആഗ്രഹിക്കുന്നു എന്നതാണ് പരമാർത്ഥം. അവർ ആഗ്രഹിക്കുന്ന ജീവിതം നയിക്കുവാനും അവർക്കിഷ്ടപ്പെടുന്ന ഉപദേശം ഉൾക്കൊള്ളുവാനും അവർ താല്പര്യം കാണിക്കും. ചിലർ വ്യക്തിത്വത്തെ മാനിക്കയും ഉപദേശത്തെ ഗണ്യമാക്കാതിരിക്കയും ചെയ്യുന്നു. അയാൾ സത്യത്തെ നിരാകരിക്കുന്നു എന്നതു വഞ്ചിതരാകുന്നവർ സമ്മതിക്കാറില്ല. ആ വ്യക്തികളെ ഇവർ ന്യായീകരിക്കാറാണ് പതിവ്. വേറെ ചിലർ ലോകത്തുള്ള വസ്തുക്കളാൽ വഞ്ചിതരാകാറുണ്ട്. അപ്പൊസ്തലനായ പൌലൊസ് ഇതു നമ്മെ ഓർപ്പിക്കുന്നുണ്ട് (റോമർ 1:25).

സംഗീത ലോകത്ത് ധാരാളം ആളുകൾ സ്വാധീനിക്കപ്പെട്ടിരിക്കുന്ന കാലയളവാണല്ലൊ ഇത്. ഒരു ഇടത്തരം സംഗീതമോ ഗാനമോ വേണ്ടത്ര പരസ്യം കിട്ടത്തക്കവണ്ണം അവതരിപ്പിച്ചാൽ അതു കുറെ കഴിയുമ്പോൾ ഒന്നാംതരം ആയി അറിയപ്പെടാൻ തുടങ്ങും. മറ്റൊരു ഉദാഹരണം നോക്കിയാൽ ആരും അറിയപ്പെടാതിരുന്ന ഒരാൾ പണം മുടക്കി പരസ്യത്തിലൂടെ രംഗത്തുവന്നാൽ ലോകത്തിൽ അറി

യപ്പെടുന്ന ഒരു വ്യക്തിയായി അയാൾ മാറും. ഇന്നു ലോകത്തിൽ ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നു എന്നതു വാസ്തവമാണ്.

പച്ചക്കറിയായാലും പഴമായാലും വേണ്ടത്ര ഭക്ഷിച്ചിട്ടാണല്ലൊ അത് ഇഷ്ടപ്പെടാൻ തുടങ്ങുന്നതു. പരിശീലനത്തിലൂടെ ലഭിച്ചതാണ് ആ ഇഷ്ടാനിഷ്ടങ്ങൾ എന്നു പറയാം. മതിയായ പരസ്യവും പണവുമുണ്ടെങ്കിൽ, പ്രതിഷ്ഠാരത്തിലും, കായിക തലത്തിലും, മറ്റേതൊരു മേഖലയിലും ആർക്കും എന്തിനും പ്രചാരം ലഭിക്കും എന്നതാണ് സത്യം. കുപ്രസിദ്ധരായ രാഷ്ട്രീയക്കാർ രംഗത്തു വരുന്നതു വ്യാവസായികമായിട്ടു തന്നെയാണ്. അവർ കൈവരിക്കാത്ത നേട്ടവും ഇല്ലാത്ത ഗുണഗണങ്ങളും ഉണ്ടെന്നു വരുത്തി തീർക്കുകയാണ് പരസ്യത്തിലൂടെ. അവർ ആഗ്രഹിക്കുന്ന ഫലം കിട്ടുവാനാണ് ഇങ്ങനെ ചെയ്യുന്നത്.

മതപരമായ ലോകത്തിൽ ഇതു തികച്ചും വാസ്തവം തന്നെ. ഇന്നു ഒരാൾക്ക് സ്നാനം ആവശ്യമില്ലെന്നു സ്ഥാപിക്കാനോ, രക്ഷക്കു സ്നാനം അനിവാര്യമല്ലെന്നു ന്യായീകരിക്കാനോ ആളുകൾ ക്രൂശിലെ കള്ളന്റെ കാര്യം എത്രയോ തവണ പറഞ്ഞുകേട്ടിട്ടുള്ളതിൽ അതിശയം കൊള്ളുകയാണ്. എല്ലാ സഭകളും ഒന്നുപോലെയാണ്, വിശ്വാസത്താൽ മാത്രം ഒരാൾക്ക് രക്ഷപ്പെടാൻ കഴിയും, വിശ്വാസമായാലെന്താ ആത്മാർത്ഥതയുണ്ടെങ്കിൽ പോരേ, പാപത്തോടുകൂടിയാണ് ജനിക്കുന്നത്, വിധിയാണ് തലയിലെഴുത്താണ് എന്നു തുടങ്ങിയ അനേക പ്രസ്താവനകൾ ലോകത്തിൽ എങ്ങും മുഴങ്ങികേൾക്കാറുണ്ട്. പക്ഷെ ഇതിന്റെയെല്ലാം ആധികാരികതയെയോ അപാകടങ്ങളെയോ ഇവർ തിരിച്ചറിയുന്നില്ല. കോടിക്കണക്കിനാളുകൾ ഇതുപോലെയുള്ള ദുരുപദേശങ്ങളെ സത്യമാണെന്നു കരുതിയിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ പലതു

ണ്ടെങ്കിലും ഏതാണും നമുക്ക് പരിശോധിക്കാം.

ലോകത്തിലെങ്ങും പ്രചാരത്തിലെത്തിക്കഴിഞ്ഞിരിക്കയാണല്ലൊ ദുരുപദേശങ്ങൾ. ഭൂരിഭാഗം വരുന്ന ഉപദേഷ്ടാക്കന്മാർ പഠിച്ചു വെച്ചിരിക്കുന്ന ദുരുപദേശങ്ങളാണ് അവർ പ്രസംഗിക്കുന്നത്. അതു ലോകത്തിൽ എങ്ങും അവർ പ്രഖ്യാപിച്ചിരിക്കയാണ്. അതു കേൾക്കുന്ന ആളുകൾ ഈ ഉപദേഷ്ടാക്കന്മാരെ അന്ധമായി വിശ്വസിക്കുകയാണ്. അവർ പറയുന്നതു വിശുദ്ധ ഗ്രന്ഥത്തിൽ ഉണ്ടോ എന്നു പരിശോധിക്കുന്നില്ല. ദൃശ്യ ശ്രവണ മാദ്ധ്യമങ്ങളിലൂടെ ഇതിനു പ്രചാരം കിട്ടുന്നു. ലഘുലേഖകൾ പുസ്തകങ്ങൾ, മാസികകൾ എന്നിവ ജനക്കൂട്ടങ്ങളിലേക്കെത്തിക്കുന്നു. റേഡിയോ, ററി.വി., സ്ക്കൂളുകൾ, കോളേജുകൾ, ആസ്പത്രികൾ എന്നിവയിലെല്ലാം ഇവർ കടന്നു പ്രവർത്തിക്കുന്നു. സത്യത്തേക്കാൾ വളരെ വേഗത്തിൽ പ്രചാരത്തിലെത്തുന്നതു കള്ളമാണെന്നു നിങ്ങൾക്ക് അറിയാമല്ലൊ. ഈ ദുരുപദേശങ്ങളെയും ജനമദ്ധ്യത്തിലെത്തിക്കാൻ പിശാചിന്റെ ദൂതന്മാർ ഉററു ശ്രമിക്കുന്നു. അതു നിങ്ങൾ അറിയാതിരിക്കരുത്. സത്യത്തെ പിശാച് മറച്ചു പിടിച്ചിരിക്കയാണ്.

മറെറാരു വശം നോക്കിയാൽ കർത്താവിന്റെ സഭ വളരെ ചെറുതാണ്. സത്യത്തിൽ ഉറച്ചു നിന്നു സത്യം മാത്രം സംസാരിക്കുന്ന ഉപദേഷ്ടാക്കന്മാർ നമുക്കു കുറവു തന്നെയാണ്. ഞങ്ങൾ തെററിനെ ഖണ്ഡിക്കുകയും ബൈബിളിലേക്കും ദൈവേഷ്ടത്തിനായും തിരിഞ്ഞു വരുവാനായി ഞങ്ങൾ എല്ലാവരോടും അപേക്ഷിക്കുകയാണ്. ഞങ്ങൾ പലപ്പോഴും സമൂഹത്തിൽ ഒററപ്പെടുകയും, നിരസിക്കപ്പെടുകയും വിമർശനത്തിനു വിധേയരാകുകയും ചെയ്യാറുണ്ട്. ഈ ചെറിയ കൂട്ടം മാത്രമെ സ്വർഗ്ഗത്തിൽ പോകുകയുള്ളൂ എന്നാണ് അവർ പറയുന്നതു എന്നു പറഞ്ഞു പുഛിച്ചു തള്ളിക്കളയുകയാണ്. ചിലപ്പോൾ ബലഹീന സഹോദരങ്ങൾ ഇത്തരം വിമർശനങ്ങളേയും ഒററപ്പെടുത്ത

ലിനേയും ഭയന്നു പ്രതിപക്ഷത്തു ചേർന്നുകളയാറുണ്ട്. ബഹു ഭൂരിപക്ഷം ആളുകളും കാര്യങ്ങൾ ശരിയായിട്ടല്ല ചെയ്യുന്നതു. ഇതു വളരെ പരിതാപകരമാണ്. വീതിയും വിശാലവുമായ വഴിയിൽ കൂടെ സഞ്ചരിക്കുന്നവരാണ് അനേകർ എന്നു യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. ഇടുക്കവും ഞെരുക്കവുമുള്ള വഴി കണ്ടെത്തുന്നവർ ചുരുക്കമത്രെ (മത്തായി 7:13-14).

കർത്താവിൻെറ വചനമാണ് സത്യം. ആ സത്യമാണ് മനുഷ്യർ സ്വീകരിക്കേണ്ടതു. പക്ഷെ മനുഷ്യർ തങ്ങൾക്കു ബോധിച്ച കാര്യങ്ങൾ ചെയ്യുവാൻ താല്പര്യപ്പെടുന്നു. അതുകൊണ്ടാണ് അവർക്കു മോചനം ആവശ്യമായിരിക്കുന്നത്. യേശു പറഞ്ഞു, സത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:32). ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നു കർത്താവു പറഞ്ഞിരിക്കുന്നു. കർത്താവിൻെറ ഉപദേശരൂപമാണ് ഏക വഴി. അതാണ് മനുഷ്യരെ ജീവിപ്പിക്കുന്നത്. അതു മാത്രമാണ് സത്യവും (യോഹന്നാൻ 14:6). ക്രിസ്തുവിൻെറ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല (2 യോഹന്നാൻ 9-10). യേശുവിനെയും അവൻെറ ഉപദേശത്തേയും തള്ളിക്കളഞ്ഞവരുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല. തന്നെയുമല്ല, അവരെ ക്രിസ്തുവിൻെറ വചനം തന്നെ അന്ത്യനാളിൽ ന്യായം വിധിക്കും (യോഹന്നാൻ 12:48).

ബഹു ജനം ചെയ്യുന്നതിനെ അനുകരിക്കുന്നതു ശരിയല്ല. അധികം പേർ വിശ്വസിക്കയും പരിശീലിക്കയും ചെയ്യുന്നതു വചന വിരുദ്ധമാണ്. മനുഷ്യരെയും അവരുടെ ഉപദേശങ്ങളേയും പിൻപററുന്നത് തെററാണ്. എല്ലാ മനുഷ്യരും കർത്താവിൻെറ വചനം കേൾക്കുകയും അവൻെറ കല്പനകൾ അനുസരിക്കുകയും ചെയ്യുക.

★

# മനുഷ്യന്റെ മുഖ്യ സമാപ്തി

W. A. ഹാലേ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

1. മനുഷ്യ ജീവിതത്തിന്റെ അന്തിമമായ ഉദ്ദേശം അവനെ സൃഷ്ടിച്ച ദൈവത്തെ ആദരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതാണ്. സൃഷ്ടി കർത്താവിന്റെ സ്വരൂപത്തിലാണ് മനുഷ്യനെ നിർമ്മിച്ചത് (ഉല്പത്തി 1:27). മൃഗത്തേക്കാൾ മനുഷ്യൻ ശ്രേഷ്ഠനാകുന്നതു അവനിൽ ഉള്ള വിവേചനാ ബുദ്ധി ശക്തിയാണ്. (സങ്കീർത്തനങ്ങൾ 8:1-8). മനുഷ്യൻ വാസ്തവമായും ദൈവത്തിന്റെ സന്താനമത്രെ (പ്രവൃത്തി 17:29). മനുഷ്യന്റെ പ്രഥമ കടമയെ പററി യേശുവിനോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞതു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസോടും കൂടെ സ്നേഹിക്കേണം; ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന എന്നാണ് (മത്തായി 22:34-40). നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും കർത്താവായ യേശുക്രിസ്തുമൂലം ദൈവത്തിനു മഹത്വം കൊടുപ്പിൻ എന്നു അപ്പൊസ്തലനായ പൌലൊസും രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസാരവും പ്രവൃത്തിയും മററും ദൈവത്തിനു പ്രസാദകരമായിരിക്കണം എന്നതാണ് മുഖ്യം.

2. നാം ദൈവത്തിന്റെ മക്കൾ ആയിരിക്കയാൽ അവനെ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. പിതാവായ ദൈവം നമുക്കു നല്ലതേതെന്നു നന്നായറിയുന്നവനാണ്. ദൈവം സർവ്വവും അറിയുന്നവനാണ്. അതുകൊണ്ടാണ് നാം അവന്റെ ഉപദേശ പ്രകാരം ജീവിക്കേണ്ടതു. നാം തെററി പോകരുത് എന്നാഗ്രഹിച്ചുകൊണ്ടാണ് കല്പനകൾ പുറപ്പെടുവിച്ചിരിക്കുന്നത് (മത്തായി 18:14). പിതാവിൽ

ആശ്രയിക്കയൊണെങ്കിൽ അവന്റെ ഇഷ്ടം അവർ നിറവേററും. ദൈവത്തോടുള്ള നമ്മുടെ കടപ്പാട് എത്രയോ വലുതാണ്. കുടുംബത്തിൽ അപ്പനും മക്കളും തമ്മിൽ നല്ലൊരു ബന്ധം നിലനിർത്തുവാൻ മക്കളുടെ അനുസരണം അനിവാര്യമാണ്. ശണ്ഠയും വഴക്കും, ഛിദ്രിപ്പും എല്ലാം എന്തുകൊണ്ടാണ് ഉണ്ടാകുന്നത് ? അനുസരണമില്ലായ്മയിൽ നിന്നാണ് ആരംഭിക്കുന്നത്. പരസ്പരം ശരിയായ ആശയ വിനിമയവും തുറന്ന സമീപനവും ആവശ്യമാണ്. തുറന്ന സ്നേഹം പ്രകടമാക്കുകയും അതു തെററുകളെ മറെക്കുകയും ചെയ്യും.

3. അധർമ്മം അകൽച്ചയുണ്ടാക്കും. പറയേണ്ടതു പറയാതിരിക്കയും ചെയ്യേണ്ടതു ചെയ്യാതിരിക്കയും പറയരുതാത്തതു പറയുകയും ചെയ്യരുതാത്തതു ചെയ്യുകയും ചെയ്യുന്നതാണ് നിയമ ലംഘനം. ചുരുക്കി പറഞ്ഞാൽ നിയമ ലംഘനം പാപമാണ്. പാപം ദൈവത്തിനു വെറുപ്പ് ഉളവാക്കും. അപ്പോഠം അവൻ മനുഷ്യരിൽ നിന്നു മുഖം തിരിച്ചു കളയും (യെശയ്യാവ് 55:1-3). പാപികളുടെ പ്രാർത്ഥന ദൈവം കേഠക്കുകയില്ല (യോഹന്നാൻ 9:31). പാപം ഉപേക്ഷിക്കേണ്ട ഒന്നാണ്. മനുഷ്യർ എല്ലാവരും പാപം ചെയ്തു. ദൈവ തേജസ് നഷ്ടപ്പെടുത്തിയ സഹചര്യം ദൈവത്തിനു എങ്ങനെ വഹിക്കാൻ കഴിയും ? (റോമർ 3:23). പാപത്തിൽ നിന്നു മനുഷ്യരെ മോചിപ്പിക്കുവാനായി ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കയച്ചു. മനുഷ്യരെ ദൈവത്തോടു അടുപ്പിക്കുവാനായിരുന്നു അത്.

4. ജീവിതം ഇവിടെ മാത്രമല്ല എന്നതാണ് മനുഷ്യർ ചിന്തിക്കേണ്ടത് ആ ചിന്ത വരുമ്പോഴാണു പാപമോചനത്തിനു പ്രസക്തി ഏറുന്നത്. ആത്മാവിന്റെ രക്ഷയാണ് പരമ പ്രധാനം.

★

# അറെപ്പാക്കുന്ന ഏഴു കാര്യങ്ങൾ

**ചാൾസ്. ബി**

മനുഷ്യനു വെറുപ്പുളവാക്കുന്ന പല കാര്യങ്ങൾ ഈ ലോകത്തുണ്ട്. അതല്ല ഇതിലെ പ്രതിപാദ്യ വിഷയം. ദൈവം വെറുക്കുന്ന കാര്യങ്ങളാണ്. ദൈവത്തിനു അനിഷ്ടമായ കാര്യങ്ങൾ ചെയ്തു ജീവിക്കുന്നവരാണ് ഭൂരിഭാഗം പേരും. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി ആകയാൽ സൃഷ്ടാവിന്റെ ഹിതം മാനിക്കേണ്ടിയിരിക്കുന്നു. ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യുമ്പോഴാണ് അതിഷ്ടമില്ലാത്ത വ്യക്തിക്കു വെറുപ്പുണ്ടാകുന്നത്. ദൈവ ഭക്തിക്കു എതിരായ കാര്യങ്ങളിൽ ഏഴെണ്ണമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ജീവിത സൗന്ദര്യത്തെ ഇല്ലാതാക്കുന്നതും തുലനാവസ്ഥ നഷ്ടപ്പെടുത്തുന്നവയുമാണ് അവ. താഴെ പറയുന്ന ഏഴു കാര്യങ്ങളും കർത്താവിനു അറെപ്പ് ജനിപ്പിക്കുന്നവയാണ്. ആറു കാര്യം യഹോവ വെറുക്കുന്നു; ഏഴു കാര്യം അവനു അറെപ്പാകുന്നു. ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും, കുററമില്ലാത്ത രക്തം ചൊരിയുന്ന കയ്യും, ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിനു ബദ്ധപ്പെട്ടു ഓടുന്ന കാലും ഭോഷ്ക്കു പറയുന്ന കള്ള സാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നെ (സദൃശവാക്യങ്ങൾ 6:16-19). ധാർമ്മികതക്കും ദൈവിക തത്വത്തിനും എതിരായ ലംഘനമാകയാലാണ് ദൈവം അവയെ വെറുക്കുന്നത്. അവ മനുഷ്യർക്കും ദൈവത്തിനും എതിരായ പാപമാണ്.

## ഗർവ്വമുള്ള കണ്ണ് ദൈവം വെറുക്കുന്നു

അഹങ്കാരം ദൈവത്തിനിഷ്ടമല്ല. ഞാൻ എന്ന ഭാവം തന്നെത്താൻ ഉയർത്തുന്ന മനോഭാവം ഏതൊരാൾക്കും നല്ലതല്ല. ദൈവ നിലവാരത്തിനു വിരുദ്ധമായ സ്വഭാവമാണ് ഗർവ്വ്. മററുള്ളവരേക്കാൾ ഞാൻ കേമനാണെന്നു വി

ചാരിച്ച് സംസാരിക്കയും പെരുമാറുകയും ചെയ്യുന്നതു ദൈവത്തിനു അറെപ്പുളവാക്കും. അത്തരം സ്വഭാവമുള്ളവർ മററുള്ളവരോടു ദയവു കാണിക്കുവാനോ അവരെ ബഹുമാനിക്കുവാനോ തയ്യാറാവുകയില്ല. സ്വന്തം കഴിവിൽ അമിതമായ ആശ്രയവും ഇവർ വെച്ചു പുലർത്തും. അപരൻെറ നന്മ കണ്ടെത്താൻ ഇവർക്കു കഴിയാതെ വരുന്നു. അഹങ്കാരമുള്ളവൻ തൻെറ പ്രവൃത്തികൾ തന്നെ അവൻെറ വീഴ്ച്ചക്കു കാരണമായി തീരും എന്നു തിരിച്ചറിയുന്നില്ല. ആരെയും വക വെക്കാതെയുള്ള അവരുടെ നോട്ടവും ഭാവവും പ്രവർത്തിയും ദൈവം അംഗീകരിക്കയില്ല എന്നു അങ്ങനെയുള്ളവർ തിരിച്ചറിയണം.

## വ്യാജമുള്ള നാവ് ദൈവത്തിനു അറെപ്പാകുന്നു

നമ്മുടെ ശരീരത്തിലെ നല്ലൊരു അവയവമാണ് നാവ്. നാവില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്നു നമുക്കു ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. ആശയ വിനിമയത്തിനു അത്യന്താപേക്ഷിതമായ ഒന്നാണ് നാവ്. പറയേണ്ടതു പറയുവാനും പറയരുതാത്തതു പറയാതിരിക്കാനും നാം നാവിനെ ഉപയോഗിക്കണം. അതായതു ശരിയായ ഉപയോഗത്തിനു മാത്രം നാവിനെ ഉപയോഗിക്കണം എന്നർത്ഥം. സത്യം പറയുവാൻ തന്നിരിക്കുന്ന നാവിനെ പലരും അസത്യം പറയുവാൻ ഉപയോഗിക്കുന്നു. അവർ ദൈവത്തെ അനുസരിക്കുന്നില്ല. സ്വയ രക്ഷക്കായി മററുള്ളവരുടെ അംഗീകാരത്തിനായി പലരും കളവു പറയുന്നു. ചിലർ വമ്പു പറയുവാനും നാവിനെ ഉപയോഗിക്കുന്നു. അശുദ്ധമായ ഹൃദയത്തിൽ നിന്നാണ് വ്യാജം പുറത്തു വരുന്നത്. നുണ ഉപദ്രവകാരിയാണ്. സ്വന്തം മനസിനെ വഞ്ചിച്ചുകൊണ്ടു മനസാക്ഷിയെ കരുതാതെ അസത്യം സംസാരിക്കുമ്പോൾ അതുകൊണ്ടുണ്ടാവുന്ന ദോഷത്തെ കുറിച്ചു ആരും അധികം ചിന്തിക്കുന്നില്ല. സൽപ്പേരിനെ കളങ്കപ്പെടുത്തുന്നതാണ് കള്ളം. വിശ്വാസം നഷ്ടപ്പെടുത്തുന്നതാണ് നുണ. മനുഷ്യനെ നശിപ്പിക്കു

ന്ന വ്യാജം ഉപേക്ഷിച്ച് സത്യം മാത്രം പറയുമെങ്കിൽ ആ നാവിനെ ദൈവം അനുഗ്രഹിക്കും.

## കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കൈ ദൈവം വെറുക്കുന്നു

എന്താണതിൻെറ അർത്ഥം! തെറ്റു ചെയ്യാത്തവരെ ശിക്ഷിക്കുക എന്നതാണ്. നിരപരാധികളെ ഉപദ്രവിക്കുക എന്നതു പരക്കെ കാണപ്പെടുന്ന ഒരു പ്രവണതയാണ്. എല്ലാവരും ദൈവത്തിൻെറ സൃഷ്ടികളാണ്. എല്ലാവരേയും സ്നേഹിക്കുവാൻ പഠിപ്പിച്ചിരിക്കുന്ന ദൈവം ആണ് പരമാധികാരി. തെററു ചെയ്യുന്നവരെ ശിക്ഷിക്കാൻ മനുഷ്യർക്കു അധികാരമില്ല. ന്യായവിധിയും ശിക്ഷയും നടപ്പാക്കേണ്ടതു ദൈവമാണ്. കുററം ചെയ്യാത്തവനെ സംശയത്തിൻെറ പേരിൽ പിടിച്ച് ഉപദ്രവിക്കുന്നതു ദൈവം വെറുക്കുന്നു. മോഷ്ടിച്ചവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ മോഷ്ടാവായി കണക്കാക്കി ഉപദ്രവിക്കുന്നവരുണ്ട്. നിരപരാധികളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നതു നിഷ്ഠൂരമാണ്. അവരെ ദൈവത്തിനു അറെപ്പാകുന്നു. അവർക്കു ദൈവത്തിൽ നിന്നു ശിക്ഷ കിട്ടാതിരിക്കയില്ല.

## ദുരുപായം നിരൂപിക്കുന്ന ഹൃദയം ദൈവം വെറുക്കുന്നു.

അകത്തു ചീഞ്ഞു നാറുന്ന ആത്മീയ ജീവിതമാണ് അത്തരത്തിലുള്ളത്. ഹൃദയം ദോഷമുള്ളതാകയാൽ ജീവിതവും ദോഷമുള്ളതായി മാറും. ദുഷ്ടത നിരൂപിക്കുന്ന ആളുകാം മററുള്ളവരിൽ തിന്മ അടിച്ചേല്പിക്കുകയാണ്. അപരനു തിന്മ ഭവിക്കണമെന്ന ചിന്ത ആർക്കും നല്ലതല്ല. മനോനിരൂപണം അറിയുന്നതു ദൈവമാണ്. അതു മനുഷ്യർ തിരിച്ചറിയുന്നില്ല എന്നതാകാം ഇതിനു കാരണം (ഉല്പത്തി 6:5). ദുരുപായം നിരൂപിക്കുന്നതു ദൈവത്തിനു അറെപ്പാകുന്നു.

## ദോഷത്തിനു ബദ്ധപ്പെട്ട് ഓടുന്നകാലുകൾ ദൈവത്തിനു അറെപ്പാകുന്നു

അവിശുദ്ധമായ പ്രവർത്തികൾ ചെയ്യുവാനായി ഓടി നടക്കുന്നവർ ഉണ്ട്. അവർ അതിനായി കാത്തിരിക്കയില്ല, അവർ അതിനു നടക്കുകയല്ല, ഓടുകയാണ് പതിവ്. ബദ്ധപ്പെട്ടാണ് അവർ ദോഷത്തിനു ഓടുന്നത്. ഇതു അപകടകരമായ പ്രവർത്തിയാണ്. ദൈവം വെറുക്കുന്ന ഒന്നാണിത്.

## ഭോഷ്ക്കു പറയുന്ന കള്ളസാക്ഷി യഹോവെക്കു വെറുപ്പ്

കള്ളസാക്ഷികൾ നിമിത്തം നല്ല ആളുകൾ കഷ്ടപ്പെടുകയും ദുഷ്ട മനുഷ്യർ രക്ഷപ്പെടുകയും ചെയ്യുന്നു. കള്ളസാക്ഷി ഒരു കള്ളനെ പോലെയാണ്. മററുള്ളവരുടെ ആദരവും വിശ്വാസവും ഉള്ള സ്നേഹിതന്മാരിൽ നിന്നും അവ കവർന്നു കളയുന്നു. ഇതു മാനസികമായി അവരെ എത്രമാത്രം വിഷമിപ്പിക്കുന്നുവെന്ന് അവർ ചിന്തിക്കുന്നില്ല.

## സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവൻ യഹോവെക്കു അറെപ്പാകുന്നു

സഹോദരന്മാരുടെ യോജിപ്പ് ഇല്ലാതാക്കുന്നതു വളരെ പരിതാപകരമത്രെ. സഹോദരന്മാർ ചെയ്ത നല്ല പ്രവർത്തികളെ കാണാത്തവരാണ് ഇവർ. സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും എന്നു സങ്കീർത്തനത്തിൽ നാം വായിക്കുന്നു (സങ്കീർത്തനങ്ങൾ 133:1).

ദൈവം വെറുക്കുന്നതിനെ വെറുക്കുവാനും ദൈവം സ്നേഹിക്കുന്നതിനെ സ്നേഹിക്കുവാനും ക്രിസ്ത്യാനികൾക്കു കഴിയണം.

★

# ഉൾപ്പെടുന്നതിൻെറ താല്പര്യം

ഡെന്നീസ്. G

ഈ ലോകത്തു നാം ജീവിക്കുമ്പോൾ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അതു സാമൂഹ്യമോ സാംസ്കാരികമോ ആത്മികമോ വ്യക്തിപരമോ ആയതാകാം. ഏതെങ്കിലും ഒരു കാര്യം ചെയ്യുവാൻ ആർക്കായാലും ഉത്സഹം വേണം ഉന്തി മരം കയററിയാൽ കൈ വിടുമ്പോൾ താഴെ എന്ന പഴഞ്ചൊല്ല് വാസ്തവമാണ്. ചില കുട്ടികൾക്കു സ്കൂളിൽ പോകാൻ താല്പര്യമില്ലാതെ ശാഠ്യത്തോടെ കരയുന്നതു കണ്ടിട്ടുണ്ടാകുമല്ലൊ. നമ്മുടെ ചിന്ത ആത്മികമാണ് ആത്മികമായ കാര്യങ്ങളിൽ വ്യാപൃതമാകുക എന്നതു വളരെ പ്രത്യേകതയുള്ള കാര്യമാണ്. ജോലി ചെയ്യുവാൻ താല്പര്യമുണ്ടായിരുന്ന കുറെ ആളുകളെ നെഹമ്യാവിൻെറ പുസ്തകത്തിൽ പരിചയപ്പെടുത്തുന്നുണ്ട്. ജോലിയിൽ പങ്കു ചേരുവാനുള്ള മനസ് അവർക്കുണ്ടായിരുന്നു എന്നു പറയാം. ഒരു പ്രവർത്തി പൂർത്തിയാക്കുവാൻ അതിൽ ഉൾപ്പെട്ടു പ്രവർത്തിക്കേണ്ടതുണ്ട്. യെരുശലേം ശൂന്യമായും അതിൻെറ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലൊ; വരുവിൻ; നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരുശലേമിൻെറ മതിൽ പണിക എന്നു പറഞ്ഞു. അങ്ങനെ അവർ ആ നല്ല പ്രവർത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി. ദൈവം അവർക്കു അനുകൂലമായിരിക്കുന്നതും അവർ തിരിച്ചറിഞ്ഞു (നെഹെമ്യാവ് 2:17_18).

ഇന്നു കർത്താവിൻെറ സഭയുടെ വളർച്ചക്കും പങ്കെടുക്കൽ അല്ലെങ്കിൽ ഉൾപ്പെടൽ ആവശ്യമാണ്. അലസതക്കു വിപരീതമാണ് ഉൾപ്പെടുവാനുള്ള താല്പര്യം. മനസുണ്ടെങ്കിൽ ചക്കവേരിലും കായ്ക്കും എന്നു പറയുന്നതുപോലെ, പ്രവർത്തിക്കുവാനുള്ള മനസും വേണം. ഒരു ശരീരത്തിൻെറ

പ്രവർത്തികൾ എല്ലാം അതാതിന്റെ പ്രവർത്തികൾ ചെയ്യുന്നു. നിരാശയും വിശ്വാസമില്ലായ്മയും കൊണ്ടാണ് പ്രവർത്തിക്കാൻ മനസില്ലാത്തതു. അതിനു പറയുന്ന കാരണങ്ങൾ എല്ലാം ഒഴിവു കഴിവുകൾ മാത്രം. ശത്രുവാണ് നിരാശയും പ്രത്യാശയില്ലായ്മയും ജനിപ്പിക്കുന്നതു. നെഹെമ്യാവിന്റെ കാലത്തിലും അങ്ങനെ സംഭവിച്ചിട്ടുണ്ട്. യെഹൂദന്മാർ മതിൽ പണിയുവാൻ ഒരുമ്പെട്ടപ്പോൾ അവരുടെ ശത്രുവായ സെൻബല്ലത്ത് അവരെ നിന്ദിച്ചു നിരുത്സാഹപ്പെടുത്തി (നെഹെമ്യാവ് 4:1-3). അവർ എങ്ങനെ ആ നിരുത്സാഹത്തെ നേരിട്ടു എന്നതു നോക്കുക. അവർ ഒന്നടങ്കം യഹോവയോടു നിലവിളിച്ചു. അവരുടെ പ്രാർത്ഥന കേട്ടു ദൈവം അവരെ ധൈര്യപ്പെടുത്തി (നെഹെമ്യാവ് 4:4).

നിസ്സഹകരണം, നിശ്ചലാവസ്ഥ എന്നിവയ്ക്കു പകരമായി ഉത്സാഹവും ആവേശവും താല്പര്യവും വളർത്തിയെടുക്കണം. ഇതു യാദൃശ്ചികമായി വന്നു ചേരുന്നതല്ല. പിന്നെയോ തോന്നിയിട്ടു വരേണ്ടതാണ്. താൻ ചെയ്യുന്ന പ്രവർത്തിയിൽ നിശ്ചയവും ഉറപ്പും പ്രതിഫലത്തെ കുറിച്ചുള്ള അറിവും ഉണ്ടാകുമ്പോൾ അടങ്ങിയിരിക്കുകയില്ല. വെള്ളത്തിൽ കിടക്കുന്ന അരി, ഊഷ്മാവ് വർദ്ധിക്കുന്നതനുസരിച്ചു തിളെച്ചുകൊണ്ടിരിക്കും. അതുപോലെ പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്ന ഒരാൾക്കു ദൈവ വചനത്താലുള്ള പ്രബോധനമെന്ന തീഷ്ണത വർദ്ധിക്കുമ്പോൾ അടങ്ങി കഴിയുകയില്ല. ദൈവ വേലയിൽ ഉൾപ്പെടും. ഉപദേഷ്ടാവിന്റെ നിർദ്ദേശത്തിനായി കാത്തിരിക്കുകയില്ല. തീർച്ചയായും അതിനു പറ്റിയ സാഹചര്യം വേണം എന്നതു ശരിയാണ്. എത്ര ഉണർവ്വുള്ള പ്രസംഗം കേട്ടാലും ചില ആളുകൾ ഇരുന്നുറങ്ങും. അതിന്റെ കാരണവും വ്യക്തമാണല്ലൊ; താല്പര്യമില്ലായ്മ. കർത്താവിന്റെ വേലയിൽ ഓരോ വ്യക്തിയും ഉൾപ്പെട്ടിരിക്കണം. കഴിവുള്ള അംഗങ്ങളെ അതു വർദ്ധിപ്പിക്കുവാൻ അവർക്കു ഉത്തേജനം കൊടുക്കണം. എന്നാൽ ഓ

രോരുത്തരുടേയും ഉള്ളിലെ അഭിവാഞ്ഛക്കു തിരി കൊളുത്തേണ്ടതു അവനവൻ തന്നെയാണ്.

സഭയിൽ ഇന്നു നേരിടുന്ന പ്രശ്നങ്ങളിൽ ഒന്ന്, ആളുകൾ കാഴ്ച്ചക്കാരായിരിക്കുന്നുള്ളു എന്നതാണ്. ഇടവകയിലുള്ള ആളുകൾക്കെല്ലാം താല്പര്യം 100 ശതമാനം ഉണ്ട്. പക്ഷെ പ്രവർത്തിക്കുന്നവർ 10 ശതമാനമേയുള്ളു. ബാക്കി 90 ശതമാനം ആളുകളും വിചാരിക്കുന്നത് മററുള്ളവർ ചെയ്യട്ടെ എന്നത്രെ. കർത്താവിൻെറ വേല വർദ്ധിക്കണമെന്നും സഭ വളരണമെന്നും എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ ആ വളർച്ചക്കു ഞാൻ എന്തു ചെയ്യുന്നുണ്ട്? നഷ്ടപ്പെട്ടവരോടു സുവിശേഷം അറിയിക്കണമെന്നും രോഗികളെ സന്ദർശിക്കണമെന്നും അർഹിക്കുന്നവർക്കു സഹായം എത്തിച്ചുകൊടുക്കണമെന്നും ബലഹീനരെ താങ്ങണമെന്നും നമുക്കെല്ലാവർക്കും അറിയാം. എന്നാൽ ഈ പ്രവർത്തികളിൽ ഏതിലാണ് നിങ്ങൾ ഏർപ്പെട്ടിരിക്കുന്നത്? മററു സാമൂഹ്യ ചടങ്ങുകളിലും വിനോദ കാര്യങ്ങളിലും പങ്കെടുക്കാൻ പോകാറില്ലേ? അതിനേക്കാൾ പ്രാധാന്യമുള്ള ദൈവ വേലയിൽ നാം ഉൾപ്പെട്ടില്ലെങ്കിൽ നമുക്കു വേണ്ടി അതു മററാരും ചെയ്യുകയില്ല.

ജോലി ചെയ്യുവാനുള്ള മനസ്സുണ്ടാകുവാൻ എന്തുവേണമെന്നു താഴെ പറയുന്ന കാര്യങ്ങൾ നോക്കിയാൽ മനസ്സിലാകും. 1 **ഉൾപ്പെടേണ്ട ആവശ്യകത എല്ലാവർക്കും തോന്നണം.** ഏതെങ്കിലും ഒരു പ്രവർത്തിയിൽ ഉൾപ്പെടുവാനുള്ള താല്പര്യം പ്രസംഗം കേൾക്കുന്നതിൽ നിന്നു മാത്രം ലഭിക്കുന്നതല്ല. ക്രിസ്തുവിൻെറ ഭാവം നമ്മിൽ വരുന്നതിലൂടെയാണ് ലഭിക്കുന്നത് (മത്തായി 20:28; റോമ

ർ 8:9). ആത്മാക്കൾ സുവിശേഷം കൂടാതെ നശിച്ചു പോകും എന്ന തോന്നൽ ഉണ്ടാകണം. വെള്ളത്തിൽ മുങ്ങി കൊണ്ടിരിക്കുന്ന ഒരാളെ കാണുമ്പോൾ നാം കാണാതെ കട ന്നു പോകുമോ ? അതുകൊണ്ടു സഭയിലായി തീർന്ന ഓ രോരുത്തരും ലോകത്തുള്ളവരെ രക്ഷിക്കുവാനുള്ള ദൌത്യ ത്തിൽ പങ്കു ചേരണം (റോമർ 12:4-5).

2. **ഓരോരുത്തനും താന്താന്റെ പ്രവർത്തി ചെയ്യണം.** നെഹെമ്യാവിന്റെ കാലത്ത് യെഹൂദന്മാർ, തങ്ങളുടെ നിരുത്സാഹവും നിരാശയും അകററി ഓരോ രുത്തൻ താന്താന്റെ പ്രവർത്തിയിലേക്കു തിരിഞ്ഞു (നെ ഹെമ്യാവ് 4:15). പലപ്പോഴും സഭയിലെ കഴിവുള്ളവർ അതു പ്രയോഗിക്കുന്നില്ല. അതിന്നു മനസ്സ് വെക്കുന്നി ല്ല. നാം എല്ലാം മനസുള്ള ജോലിക്കാരായി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

3. **ജോലിയുടെ ഗൗരവം എല്ലാവരും തിരിച്ച റിയണം.** ചിലർ വിചാരിക്കുന്നതു ആരാധനക്കു പങ്കെ ടുക്കുന്നതും ധർമ്മ ശേഖരം നല്കുന്നതും മാത്രം മതി എ ന്നാണ്. സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഒത്തൊരുമി ച്ചു നടത്തുമ്പോൾ ന്യൂനതകൾ പരിഹരിക്കപ്പെടുന്നു. അ തിനു പകരമായി തർക്കിക്കാനോ വഴക്കിടാനോ, മററുള്ള വരിൽ കുററം കണ്ടെത്താനോ ശ്രമിച്ചാൽ അതു ദൈവത്തി നു ഇഷ്ടമാകുമോ ? തിരക്കു പിടിച്ച പ്രവർത്തനങ്ങളിൽ എല്ലാവരും കൂട്ടായി പങ്കെടുക്കുമ്പോൾ സഭ വളരും. നി ങ്ങൾ സഭയുടെ വളർച്ചക്കു പങ്കാളിയായിട്ടുണ്ടോ ?

★

# വ്യക്തിപരമായ സ്പർശനം

## ജോണി രാംസെ

യോഹന്നാൻ എഴുതിയ സുവിശേഷത്തെ കുറിച്ചു ചർച്ച ചെയ്യാമെന്ന് വിചാരിക്കയാണിപ്പോൾ. എല്ലാ മനുഷ്യർക്കുമായി എഴുതപ്പെട്ട യേശുക്രിസ്തുവിന്റെ ജീവചരിത്രമാണത്. അവന്റെ ദൈവികത്വത്തെ ഊന്നിപ്പറയുകയും വ്യക്തികളോടുള്ള അവന്റെ താല്പര്യത്തെ ഇതിൽ എടുത്തു കാണിക്കയും ചെയ്യുന്നുണ്ട്. ക്രിസ്തുവിന്റെ മാനുഷിക സ്പർശനത്തെ എടുത്തു പറഞ്ഞിരിക്കുന്നു. യേശുവിന്റെ ജീവചരിത്രത്തെ പരാമർശിക്കുന്ന മററു മൂന്നു പുസ്തകങ്ങളിൽ നിന്നു വ്യത്യസ്തമാണ് ഈ പുസ്തകം. കാരണം, ആ മൂന്നു പുസ്തകങ്ങൾ എഴുതിയതിനു ശേഷമായിരുന്നു ഇതു എഴുതിയത്. മറെറാന്നു, ലോകത്തിനു ക്രിസ്തുവിനോടും അവന്റെ രാജ്യത്തോടും ഉള്ള പ്രതികരണത്തെയും ഇതിൽ കാണാം. പെന്തെകൊസ്തു നാളിൽ ക്രിസ്ത്യാനിത്വം ആരംഭിച്ചതു മുതൽ ഉയർന്നു വന്ന തെററുകളെ ഇതു തിരുത്തുന്നുണ്ട്. യേശുവിനു ഏററവും പ്രിയപ്പെട്ടവനും തന്റെ അമ്മയെ അവസാനം ഏല്പിച്ചുകൊടുത്തവനുമായ യോഹന്നാനാണ് ഈ പുസ്തകം എഴുതിയത്. ഇതു പ്രത്യേകതയുള്ളതും മനോഹരവുമായ ഒരു പുസ്തകമാണ്.

പ്രാരംഭ ഖണ്ഡിക തന്നെ ഏററവും മഹത്തായവ തന്നെ. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു". ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമായിരുന്നു അവൻ. ഇരുട്ട് അവനെ പിടിച്ചടക്കിയില്ല എന്നും നാം വായിക്കുന്നു. അവൻ സ്വന്തമായവരിലേക്കു വന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല എന്നു നാം വായിക്കുന്നു. വചനം ജഡമായി തീർന്നു. കൃപയും സത്യവും

നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസിനെ കണ്ടു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു. എന്നാൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. യോഹന്നാൻ സ്നാപകൻ അവനെ കണ്ടിട്ടു: ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാടു എന്നു പറഞ്ഞു. അവൻ ദൈവപുത്രൻ തന്നെ എന്നു യോഹന്നാനു ദൈവം സാക്ഷ്യപ്പെടുത്തിയിരുന്നു. തുടർന്നു നാം വായിക്കുമ്പോൾ കർത്താവിനു വ്യക്തികളോടുള്ള താല്പര്യം വ്യക്തമാക്കുന്നുണ്ട്. അന്ത്രയോസ്, ശീമോൻ, പത്രോസ്, ഫിലിപ്പോസ്. നഥനെയേൽ എന്നിവർ ഉദാഹരണമത്രേ. നഥനെയേൽ പറഞ്ഞു, റബ്ബീ, നീ ദൈവപുത്രൻ. നീ യിസ്രായേലിന്റെ രാജാവു എന്നായിരുന്നു. നമ്മെ സ്വർഗ്ഗത്തിലേക്കു നയിക്കുന്ന നായകനാണ് ക്രിസ്തു എന്നു ഒന്നാം അദ്ധ്യായം അവസാന വാക്യത്തിൽ നിന്നു നമുക്ക് മനസിലാക്കാം.

ക്രിസ്തുവിനാലും ക്രിസ്തു മുഖാന്തരവുമത്രേ നാം സ്വർഗ്ഗത്തിൽ പോകുന്നതും സ്വർഗ്ഗീയ ഭവനത്തിൽ ഇരിക്കുന്നതും. രണ്ടാം അദ്ധ്യായത്തിൽ പ്രവേശിക്കുമ്പോൾ, മനുഷ്യനിലുള്ളതു എന്തെന്നു കർത്താവു അറിയുന്നതായി പറയുന്നുണ്ട്. തന്റെ വ്യക്തി ശുശ്രൂഷയുടെ ആരംഭത്തിലും അവസാനത്തിലും അവൻ ദേവാലയത്തെ ശുദ്ധീകരിക്കുന്നുണ്ട്, ലൗകികതയുടെ മായയെയും ഒന്നാം നൂററാണ്ടിലെ യഹൂദ ജനതയുടെ അധാർമ്മിക സ്വഭാവത്തെയും തുറന്നു കാണിക്കുന്നുണ്ട്. മൂന്നാം അദ്ധ്യായത്തിൽ നിക്കൊദെമോസിനെ പററി പറയുന്നുണ്ട്. 7-ാം അദ്ധ്യായത്തിലും 19-ാം അദ്ധ്യായത്തിലും അവനെ കുറിച്ചു പറയുന്നുണ്ട്. ഈ മനുഷ്യനിൽ ഒരു ഫലം പുറപ്പെടുവിക്കാൻ യേശു ആഗ്രഹിക്കുന്നു. യെഹൂദനായിരുന്ന നിക്കൊദെമോസ് രാത്രിയിലായിരുന്നു അവനെ കാൺമാൻ വന്നത്. വീണ്ടും ജനിച്ചില്ലായെങ്കിൽ ആർക്കും ദൈ

വരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല എന്നു കർത്താവ് അവനോടു പറഞ്ഞു. ദൈവ പദ്ധതിയെ വ്യക്തമാക്കുന്ന വാക്യമാണ് 16. അടുത്ത വാക്യം വളരെ പ്രധാനപ്പെട്ടതാണ്. ദൈവം തൻെറ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. ഒരു മോശമായ ശമര്യക്കാരിയെ 4-ാം അദ്ധ്യായത്തിൽ പരിചയപ്പെടുത്തുന്നുണ്ട്. ഈ സ്ത്രീ കിണററിനരികിലേക്കു ഏകയായിട്ടായിരുന്നു വന്നത്.

ശമര്യക്കാരി ചെയ്ത കാര്യങ്ങളെല്ലാം യേശു പ്രസ്താവിച്ചു. പ്രസിദ്ധമായ ഒരു പ്രസ്താവന 4 ൻെറ മുപ്പത്തഞ്ചാം വാക്യത്തിൽ കാണുന്നു. ''ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയൊ. നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണാം. അഞ്ചാം അദ്ധ്യായത്തിൽ അവനു നേരിടുന്ന കുഴപ്പങ്ങൾ സൂചിപ്പിക്കുന്നു. 28 ഉം 29 ഉം വാക്യങ്ങളിൽ, നന്മ ചെയ്തവർക്കും തിന്മ ചെയ്തവർക്കും പുനരുത്ഥാനം ഉണ്ടെന്നു പറഞ്ഞിരിക്കുന്നു. മരുഭൂമിയിൽ ഇസ്രയേൽ ജനത്തിനു നല്കിയ മന്നയോടു തുല്യമായി, യേശു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന അപ്പമായി ഉപമിച്ചിരിക്കുന്നു.

ഏഴാം അദ്ധ്യായത്തിൽ തൻെറ സഹോദരന്മാർ അവനോടു: നീ ചെയ്യുന്ന പ്രവൃത്തികൾ നിൻെറ ശിഷ്യന്മാരും കാണേണ്ടതിനു യെഹൂദ്യയിലേക്കു പോക, പ്രസിദ്ധന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലൊ എന്നു പറഞ്ഞു. അതിനു യേശു ''എൻെറ സമയം ഇതുവരെ വന്നിട്ടില്ല'' എന്നു പറഞ്ഞു. അവൻ അവരുടെ ഇഷ്ടപ്രകാരമോ തൻെറ സ്വന്ത ഇഷ്ടപ്രകാരമോ അല്ല ഒന്നും ചെയ്തതു. പിതാവിൻെറ ഇഷ്ടം അനുസരിച്ചായിരുന്നു. ''ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല'' എന്നായി

രുന്നു അവനെ കുറിച്ചു ചേവകരുടെ അഭിപ്രായം (യോഹന്നാൻ 7:46). മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവരുടെ വിവരണങ്ങളുടെ ശ്രേഷ്ഠത യോഹന്നാൻ 8-ാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ കാണുന്നുണ്ട്. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും. സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. 9-ാം അദ്ധ്യായത്തിൽ കുരുടനെ സൗഖ്യമാക്കുന്നുണ്ട്.

താൻ വന്നതിന്റെ ഉദ്ദേശത്തെ യേശു വ്യക്തമാക്കുന്ന ഭാഗമാണ് 10:10. നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും, സമൃദ്ധിയായി ഉണ്ടാകേണ്ടതിനും അത്രെ. 11-ാം അദ്ധ്യായത്തിൽ മരിച്ചു നാലു ദിവസം കഴിഞ്ഞ ലാസറെ കല്ലറയിൽ നിന്നുയർപ്പിച്ചു. തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നു തെളിയിച്ചു. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളികളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). 13-ാം അദ്ധ്യായത്തിൽ തന്റെ മരണത്തെ കുറിച്ചു മുന്നറിയിക്കുന്നു. കല്പനകളിൽ, തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പറഞ്ഞു. ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്നു കർത്താവു പറഞ്ഞു. അവൻ മുഖാന്തരമല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ പ്രവേശനമില്ല (യോഹന്നാൻ 14:6). ക്രിസ്ത്യനിത്വത്തിന്റെ പ്രായോഗികത 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്തതാണ് 16-ാം അദ്ധ്യായം. 17-ാം അദ്ധ്യായത്തിൽ ഭൂമിയിലെ അവസാനത്തെ പ്രാർത്ഥന.

*

# ഇന്നത്തെ ലോകം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

തങ്കവും വെള്ളിയും വിളയുന്നഭൂമിയിൽ,
അദ്ധ്വാനമില്ലാതെ ഓടുന്നമാനുഷാ
നാളത്തെ ലോകത്തിലെങ്ങനെയെന്നത്,
ഇന്നേനിനയ്ക്കുകിൽ അർത്ഥമതുണ്ടാം.

ദാരിദ്ര്യശുഷ്കമാം ജീവിതവഞ്ചിയെ,
തട്ടിയും മുട്ടിയും ഓടുന്നുവേഗമായ്.
കൊട്ടും കുരവയും ഇല്ലാതെതന്നെയും,
ജീവിതലക്ഷ്യത്തിലെത്താൻ കുതിക്കുന്നു.

ഉന്നതപാഠവം ഉണ്ടെന്നുവെങ്കിലും
കാര്യത്തിലർത്ഥമതുണ്ടോ എൻ മനസ്സേ.
യന്ത്രമനുഷ്യന്റെ കയ്യിൽകൊടുത്തിട്ടും,
പട്ടിണി മാറാത്തതെന്തെന്നു നോക്കുക.

കാലപ്പഴക്കത്താൽ കോലംതിരിഞ്ഞുള്ള,
അഭ്യസ്തവിദ്യരാം മാനവകൂട്ടമേ.
നാളത്തെ ലോകത്തിലെത്തിപ്പിടിക്കുവാൻ,
ഇന്നത്തെ ലോകത്തിലോടുകവേഗമായ്.

ചക്രവാളത്തിനും അപ്പുറംനോക്കുകിൽ,
എത്തിനോക്കുന്നൊരു തങ്കക്കിരണങ്ങൾ.
വിശ്വംപരേശ്വരി മിന്നുക വീശുക,
നിന്നിലെ ശോഭയോ ഇന്നത്തെ ലോകമേ.

★

# യേശു വെള്ളം വീഞ്ഞാക്കി മാറ്റിയോ ?

**ഗ്ലെൻ കോളെ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ച യേശു ന്യായപ്രമാണ കല്പനകളിൽ ഒന്നു പോലും വീഴ്ച വരുത്തിയിരുന്നില്ല. അവൻ പാപമില്ലാതെയാണ് ജീവിച്ചത്. വീഞ്ഞു കുടിച്ചു മത്തരാകരുത് എന്നു പഴയ നിയമത്തിലും അരുളിച്ചെയ്തിട്ടുണ്ട്. ശലോമോൻ തന്റെ വിവരണത്തിലും മദ്യത്തിന്റെ ദൂഷ്യവശങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. മദ്യം മനുഷ്യന്റെ ചിന്തയെയും വിവേചന ശക്തിയെയും പ്രതികൂലമാക്കി തീർക്കും. ശരീരത്തെയും മനസിനെയും ആത്മാവിനെയും സാരമായി ബാധിക്കുന്ന ഒന്നാണ് മദ്യലഹരി. വീഞ്ഞു ചുവന്നിരിക്കുന്നതും അതു രസമായി ഇറിക്കുന്നതും നോക്കരുത്. കാരണം അതു ഒടുവിൽ സർപ്പം പോലെ കടിക്കും.

നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജന പ്രിയരുടെ ഇടയിലും ഇരിക്കരുത്. കുടിയനും അതിഭക്ഷകനും ദരിദ്രനായി തീരും (സദൃശവാക്യങ്ങൾ 23: 20-21). വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചി നോക്കുവാൻ പോകുന്നവർക്കും ആണ് കഷ്ടം, സങ്കടം, കലഹം, ആവലാതി, അനാവശ്യമായ മുറിവുകൾ, കൺ ചുവപ്പ് എന്നിവയുണ്ടാകുന്നത്. മദ്യപാനികളുടെ ജീവിതം, അവരുടെ കുടുംബം എന്നിവ പരിശോധിച്ചാൽ ഇതു വാസ്തവമാണെന്നു തെളിയും. ദൈവം വിലക്കിയിരിക്കുന്ന ഒന്നാണ് ലഹരിയുള്ള മദ്യം. പക്ഷെ വീഞ്ഞിനു ഔഷധ ഗുണമുണ്ട്. അല്പം കുടിക്കുന്നതു നല്ലതാണ്. അധികമായാൽ ഏതൊരു ഭക്ഷണമായാ

ലും പാനീയമായാലും അതു നമുക്കു ദോഷമായി തീരും എന്നതിൽ തർക്കമില്ല.

പാപത്തിലേക്കു മററുള്ളവരെ നയിക്കുന്നവർ അനേകരുണ്ട്. അങ്ങനെ പ്രലോഭനം നടത്തുന്നവരെ പററി അവൻ തൻെറ ശിഷ്യന്മാരോടു പറഞ്ഞതു ഇടർച്ചകൾ വരാതിരിക്കുന്നതു അസാദ്ധ്യം; എങ്കിലും അവ വരുത്തുന്നവന്നു അയ്യോ കഷ്ടം. അവൻ ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ച വരുത്തുന്നതിനേക്കാൾ ഒരു തിരിക്കല്ലു അവൻെറ കഴുത്തിൽ കെട്ടി അവനെ കടലിൽ എറിഞ്ഞു കളയുന്നതു അവനു നന്നു. നാം മനസിലാക്കേണ്ട കാര്യം നാം ചെയ്യുന്ന പ്രവൃത്തി നമുക്കും മററുള്ളവർക്കും ദോഷമായി തീരരുത്; നന്മയായിരിക്കണം ഫലമായി വരേണ്ടത്. അതുകൊണ്ടു മദ്യപിക്കുന്നതു പാപമാണെന്നും യേശു ഒരിക്കലും മദ്യത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നും തിരിച്ചറിഞ്ഞു മനസു പുതുക്കി രൂപാന്തരപ്പെടുക. നിത്യരക്ഷക്കായി കർത്താവു കല്പിച്ച കല്പനകളെ അനുസരിച്ചു മരണത്തോളം വിശ്വസ്തമായി ജീവിക്കുക.

★

# പൌലൊസിൻെറ ജീവിതം തൊട്ടറിഞ്ഞ ചിലർ

## അലെൻ വെബ്സ്ററർ

അപ്പൊസ്തല പ്രവൃത്തികളിലും പൌലൊസിൻെറ ലേഖനങ്ങളിലും പൌലൊസിൻെറ സൗഹൃദ വലയത്തിൽ പെട്ടവരും സഹപ്രവർത്തകരുമായി ഏതാണ്ട് ചുരുങ്ങിയതു 100 പേരെയെങ്കിലും പരിചയപ്പെടുത്തുന്നുണ്ട്. പൌലൊസിനു ഈ ജോലികളെല്ലാം സ്വയമായി മാത്രം ചെയ്യാൻ കഴിഞ്ഞതല്ല. ഇവരിൽ ധാരാളം പേരെ തൻെറ അവസാന ലേഖനത്തിൽ വിവരിക്കുന്നുണ്ട് (2 തിമൊഥെയൊസ്

4:11-13). തടവു മുറിയിൽ ഇരുന്നു തന്റെ മരണം ആസന്നമായിരിക്കുന്നുവെന്നു അറിഞ്ഞു തന്നെയാണ് ഇവരെ കുറിച്ച് നിശബ്ദമായി, അതേ സമയം ഗാഢമായി ചിന്തിക്കുന്നതു. ഇവരെല്ലാം പൌലൊസിന്റെ ജീവിതം തൊട്ടറിഞ്ഞു രുചിച്ചവരാണ്. അവരിൽ ഏതാനും പേരെയും അവരിൽ നിന്നു നമുക്കു പഠിക്കാവുന്ന പാഠങ്ങളേയും നമുക്ക് പരിശോധിക്കാം.

## ലൂക്കൊസ് (2 തിമൊഥെയൊസ് 4:11) ആത്മാർത്ഥതയുള്ള വേലക്കാരൻ

പ്രിയ വൈദ്യനായ ലൂക്കൊസ് എന്നാണ് അവനെ പററി പറഞ്ഞിരിക്കുന്നതു. തുടർച്ചയായി പൌലൊസിനോടുകൂടെ യാത്ര ചെയ്തവനായിരുന്നു അവൻ. ത്രോവാസിൽ പൌലൊസ്, താമസിച്ചിരുന്നപ്പോഴും തന്റെ രണ്ടും മൂന്നും മിഷ്യനറി യാത്രയിലും ലൂക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു. യെരുശലേമിലേക്കും റോമിലേക്കും ഉള്ള യാത്രയിൽ അവനുണ്ടായിരുന്നു (പ്രവൃത്തി 16:6-11, 16:10-12; 20:5, 21:17). തടവിലായപ്പോഴും പൌലൊസിനെ ശുശ്രൂഷ ചെയ്യുവാൻ ലൂക്കൊസ് ഉണ്ടായിരുന്നു (കൊലൊസ്യർ 4:14 (ഫിലെമോൻ 24). തന്റെ വേലയിൽ പൌലൊസിനു എണ്ണമററ മുറിവുകൾ ഉണ്ടായ സമയത്തു ഒരു ഡോക്ടർ ആയ ലൂക്കൊസ് വലിയൊരു സഹായം തന്നെയായിരുന്നു. പൌലൊസ് പറഞ്ഞു കൊടുത്ത് എഴുതിയ ലേഖനമാകാം ഇത്. ഇതിൽ പൌലൊസിനെ ലൂക്കൊസ് അഭിനന്ദിച്ചിരിക്കും. മററുള്ളവരെല്ലാം ഒന്നുകിൽ പൌലൊസിനെ വിട്ടു പോയതാകാം. അല്ലെങ്കിൽ വ്യതിചലിച്ചു പോയവരാകാം. പക്ഷെ ലൂക്കൊസ് മാത്രം ഉറച്ചു നിന്നു. ഏതു സാഹചര്യത്തിലും വിശ്വസ്തത പുലർത്തിയെന്ന ഗുണപാഠമാണ് ലൂക്കൊസിൽ നിന്നു നാം പഠിക്കുന്നതു. കഴിവു നല്ലൊരു ഗുണമാണ് പക്ഷെ ലഭ്യതയാണ് ശ്രേഷ്ഠം.

(ശേഷം അടുത്ത ലക്കത്തിൽ)

★

# നമ്മുടെ ആശ്രയത്തിൽ വിട്ടിട്ടുള്ള കാര്യങ്ങൾ

## വാൻസ് ഹട്ടൺ

പല കാര്യങ്ങൾ നമ്മെ ബാധിക്കുന്നവയും അല്ലാത്തവയുമായുണ്ട്. അവയിൽ നമ്മുടെ പരിധിയിൽ പെടുന്നതും അല്ലാത്തതുമായവയുണ്ട്. എന്നാൽ നമ്മുടെ ആശ്രയത്തിൽ വിട്ടുതന്നിട്ടുള്ള ഏതാനും കാര്യങ്ങളാണ് ഇതിൽ പരാമർശിക്കുന്നത്. വിശ്വാസത്തിൽ തന്റെ പുത്രനായിട്ടു പൌലൊസ് തിമൊഥെയൊസിനെ വിശേഷിപ്പിച്ചിട്ടുണ്ട്. തിമൊഥെയൊസിന്റെ ജന്മദേശമായ ലുസ്ത്രയിൽ പൌലൊസ് ആദ്യമായി സന്ദർശിച്ചതായി പ്രവർത്തി 14-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള മഹാന്മാരിൽ ഒരാളായിരുന്നു അവൻ എന്നു തീർത്തു പറയാം. തിമൊഥെയൊസിനെ കുറിച്ച് ഫിലിപ്പിയരോടു പൊലൊസ് പറയുന്നതു വായിക്കുക. എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ടു എനിക്കും മനം തണുക്കേണ്ടതിനു തിമൊഥെയോസിനെ വേഗത്തിൽ അങ്ങോട്ട് അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു. നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മററാരുമില്ല. യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്ത കാര്യമത്രെ എല്ലാവരും നോക്കുന്നു. അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവനം ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലൊ (ഫിലിപ്പിയർ 2:19-23).

ധാരാളം ഉത്തരവാദിത്വങ്ങൾ പൌലൊസ് തിമൊഥെയോസിനെ ഭരമേല്പിക്കുന്നുണ്ട്. അല്ലയോ തിമൊഥെയോസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ടു ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തി വിരുദ്ധമായ വ്യർത്ഥാലാപങ്ങളേയും തർ

ക്ക സൂത്രങ്ങളേയും ഒഴിഞ്ഞു നില്ക്ക (1 തിമൊഥെയൊസ് 6:20). ഈ നിർദ്ദേശം ഇന്നും പ്രസക്തമാണ്. കാരണം പലരും വേദഭാഗങ്ങളെ തിരിച്ചും മറിച്ചും കോട്ടി തർക്കിച്ചു വാദിച്ചു ജയിക്കാൻ ശ്രമിക്കുന്നുണ്ട്. അതു ഗുണകരമായ സമീപനമല്ല. തന്റെ ദാസന്മാരിൽ ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്വത്തെ നിറവേററി കാണുവാനാണ് യജമാനൻ ആഗ്രഹിക്കുന്നത്. കർത്താവ് ഒരു ഉപമയിൽ അതു പഠിപ്പിക്കുന്നുണ്ട് (മത്തായി 25:14-30). കണക്കു ബോധിപ്പിക്കേണ്ടവരാണ് ദാസന്മാർ. കർത്താവു നമ്മളിലും ചില കർത്തവ്യങ്ങൾ ഭരമേല്പിച്ചിട്ടുണ്ട്. അതു തിരിച്ചറിയാതിരിക്കുന്നതു ശരിയല്ല. കർത്താവു തന്റെ മടക്കയാത്രയിലേക്കു തിരിഞ്ഞു എന്നു നമുക്കറിയാം. പക്ഷെ കണക്കു തീർക്കുവാൻ അഥവാ ഇടപാടു തീർക്കുവാനായി അവൻ വീണ്ടും വരും എന്നതു തീർച്ചയാണ്. അവന്റെ വീണ്ടും വരവ് നമുക്ക് വിജയാഹ്ളാദത്തിന്റെ ദിവസമായിരിക്കുമോ അതോ ദുഃഖത്തിന്റെ ദിവസമായിരിക്കുമോ ?

പരദേശത്തു പോകുന്ന മനുഷ്യൻ ദാസന്മാരെ വിളിച്ചു തന്റെ സമ്പത്തു അവരെ ഏല്പിച്ചു. ഒരുവന്നു അഞ്ചു, ഒരുവന്നു രണ്ടു, ഒരുവന്നു ഒന്നു എന്നിങ്ങനെ ഓരോരുത്തന്നു അവനവന്റെ പ്രാപ്തി പോലെ കൊടുത്തു യാത്ര പുറപ്പെട്ടു. വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കു തീർത്തു. അഞ്ചു താലന്തു ലഭിച്ചവൻ അടുക്കെ വന്നു, വേറെ അഞ്ചു കൂടെ കൊണ്ടുവന്നു. യജമാനനേ അഞ്ചു താലന്തല്ലൊ എന്നെ ഏല്പിച്ചതു; ഞാൻ അഞ്ചു താലന്തുകൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന്നു യജമാനൻ, നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരിക്കുന്നു, ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു. രണ്ടു താല

ന്തു ലഭിച്ചവൻ രണ്ടുകൂടെ നേടികൊണ്ടു വന്നു. അവ നോടു പറഞ്ഞതും ഒന്നാമത്തേവനോടു പറഞ്ഞതു തന്നെ. എന്നാൽ ഒരു താലന്തു ലഭിച്ചവനും അടുക്കെ വന്നു, യജ മാനൻ കഠിന മനുഷ്യൻ എന്നറിഞ്ഞു ഭയപ്പെട്ടു തനിക്കു ല ഭിച്ചതായ താലന്തു അവൻ മറെച്ചു വെച്ചു. ദുഷ്ടനും മ ടിയനുമായ ദാസനേ, എന്റെ ദ്രവ്യം നീ പൊൻവാണിഭ ക്കാരെ ഏല്പിക്കേണ്ടിയിരുന്നു. എന്നാൽ യജമാനൻ വ ന്നു പലിശയോടുകൂടെ അതു വാങ്ങുമായിരുന്നു. അവ ന്റെ താലന്തു പത്തു താലന്തുള്ളവനു കൊടുക്കുകയും ഈ മടിയനായ ദാസനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയു കയും ചെയ്യുക എന്നു പറഞ്ഞു (മത്തായി 25:19-26). ഈ വ്യത്യാസം ശ്രദ്ധിക്കുക.

## 1. ആത്മാവ്

നിങ്ങളിൽ ഇരിക്കുന്ന ആത്മാവിനെ നിങ്ങൾക്കു ന ഷ്ടപ്പെടുത്താം, അല്ലെങ്കിൽ രക്ഷപ്പെടുത്താം (മത്തായി 16:26). ഈ ലോകം മുഴുവനേക്കാളും വിലയുള്ളതാണതു നിങ്ങൾ വിചാരിച്ചാൽ മാത്രമെ ആത്മാവിനെ രക്ഷിക്കാൻ പററു (പ്രവൃത്തി 2:40). നിങ്ങളുടെ ആശ്രയത്തിൽ വി ട്ടു തന്നിരിക്കയാണ് അത്. ദൈവ സാദൃശ്യത്തിൽ സൃ ഷ്ടിക്കപ്പെട്ട ഒരു നിത്യാത്മാവ് നിങ്ങളിൽ ഉണ്ട്. ആ ത്മാവ് എന്നേക്കും ജീവിക്കുന്നു. വലിയ നിക്ഷേപങ്ങ ളിൽ ഒന്നായി ദൈവം നിങ്ങളിൽ ഭരമേല്പിച്ചിരിക്കുന്ന താണ് അത്. നിങ്ങളുടെ ആത്മാവ് നിത്യതയിൽ എവി ടെയായിരിക്കും? ആത്മാവിനെ രക്ഷിക്കുവാനായി തിരു വെഴുത്ത് നിങ്ങളെ പ്രബോധിപ്പിക്കുന്നു എബ്രായർ 10; 39). മരണത്തിൽ നിന്നാണ് ആത്മാവിനെ രക്ഷിക്കേണ്ട ത് (യാക്കൊബ് 5:20). മരണം എന്നാൽ വേർപാട് എന്ന ർത്ഥം. നിങ്ങളിലുള്ള ആത്മാവിനെ സൂക്ഷിക്കുവാൻ ദൈവത്തിനായി അപേക്ഷിക്കയാണ് പ്രിയ സ്നേഹിതരേ. കർത്താവിന്റെ ഇഷ്ടം ചെയ്തു വിശ്വസ്ത ജീവിതം ന യിക്കുക മാത്രമാണ് ആത്മാവിന്റെ രക്ഷക്കു നിങ്ങൾ ചെയ്യേണ്ടതു.

## 2. നമ്മുടെ മക്കൾ

മക്കളെ ദൈവം ദാനമായി തരുന്നതാണ് (സങ്കീർത്തനങ്ങൾ 127:3). നിങ്ങൾ അപ്പനോ അമ്മയോ ആണെങ്കിൽ, മക്കളെ ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്നു. അവരെ കുറിച്ചുള്ള ഉത്തരവാദിത്വവും കണക്കു ബോധിപ്പിക്കലും നിങ്ങളിൽ നിക്ഷിപ്തമാണ്. അവരെ കർത്താവിന്റെ പത്ഥ്യോപദേശത്തിൽ വളർത്തേണ്ടതു നിങ്ങളാണ് (എഫെസ്യർ 6:4). ലോകപ്രകാരമുള്ള ആചാരങ്ങളിലോ സാമൂഹ്യമായ അംഗീകാര കാര്യങ്ങളിലോ അല്ല ശ്രദ്ധിക്കേണ്ടത്. പക്ഷെ കർത്താവിന്റെ ഉപദേശപ്രകാരം വേണം അവരെ വളർത്തുവാൻ. കാരണം കർത്താവിന്റെ ഉപദേശത്തിനപ്പുറമായ മറ്റൊന്നും ദൈവം അംഗീകരിക്കുന്നില്ല (എഫെസ്യർ 6:4). ദൈവം എല്ലാ മാതാപിതാക്കളെയും ന്യായം വിധിക്കുന്നത് വചനാനുസരണമായിരിക്കും.

## 3. സുവിശേഷം

അപ്പൊസ്തലനായ പൌലൊസ് തിമൊഥെയൊസിനെ ഭരമേല്പിച്ച ഉപനിധി സുവിശേഷമായിരുന്നു (1 തിമൊഥെയൊസ് 6:20-21). അതനുസരിച്ച് അവൻ വിശ്വസ്തമായി ജീവിക്കയും അതു വിശ്വസ്തമായി പഠിപ്പിക്കയും ചെയ്യണമായിരുന്നു. അപ്രമേയ ധനം മൺപാത്രങ്ങളിലാണ് ദൈവം തന്നിരിക്കുന്നത് (2 കൊരിന്ത്യർ 4:7). നാം സുവിശേഷത്താൽ ജീവിക്കണം (ഫിലിപ്പിയർ 1:27). സുവിശേഷത്തിനായി പോരാടണം (ഫിലിപ്പിയർ 1:17). നാം അതു എല്ലാവരോടും പ്രസംഗിക്കണം.

## 4. നമ്മുടെ താലന്തുകൾ

താലന്തുകളെ കുറിച്ചുള്ള ഉപമ യേശുക്രിസ്തു പഠിപ്പിക്കുന്നുണ്ട്. അവ നമ്മുടെ കഴിവുകൾ, അവസരങ്ങൾ, നേട്ടങ്ങൾ എന്നിവ അടങ്ങുന്നതാണ്.

★

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram and J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To